# <u>ജനമൈത്രി ജില്ലാതല സെമിനാർ</u>

ജനമൈത്രി പോലീസ് സംവിധാനം കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലേക്കും വ്യാപിപ്പിക്കുന്നതിൻെറ ഭാഗമായി, ജനമൈത്രി പോലീസ് സംവിധാനത്തിൻെറ ആവശ്യകതയും പ്രാധാന്യവും സംബന്ധിച്ച് പോലീസ് ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും അവബോധം സൃഷ്ടിക്കുന്നതിനും, എറണാകുളം റൂറൽ ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി സംവിധാനം നടപ്പിലാക്കുന്നതിനോടനുബന്ധിച്ചും, **2017 മാർച്ച് 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് ആലുവ പ്രിയദർശിനി ടൗൺ ഹാളിൽ**, ആലുവ എം.എൽ.എ ശ്രീ. അൻവർ സാദത് അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തുന്ന സെമിനാറിൻെറ ഔപചാരികമായ ഉൽഘാടനം ബഹു: കേരള സംസ്ഥാന തുറമുഖ വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പിള്ളി അവർകൾ നിർവ്വഹിക്കുന്നു.

ജനമൈത്രി പദ്ധതിയുടെ സംസ്ഥാന നോഡൽ ഓഫീസറായ ബഹു: ADGP (South Zone) – ഡോ. ബി. സന്ധ്യ ഐ.പി.എസ് പ്രസ്തുത സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തും. കൊച്ചി റേഞ്ച് ഐ.ജി.പി ശ്രീ. പി. വിജയൻ ഐ.പി.എസ് അവർകൾ പദ്ധതി വിശദീകരണം നടത്തും.

ചടങ്ങിൽ ബഹു: എംഎൽ.എ-മാരായ ശ്രീ. എസ്.ശർമ്മ, ശ്രീ. വി.കെ.ഇബ്രാഹിംകുഞ്ഞ്, ശ്രീ. അനൂപ് ജേക്കബ്, ശ്രീ. വി.ഡി.സതീശൻ, ശ്രീ. വി.പി.സജീന്ദ്രൻ, ശ്രീ. റോജി.എം.ജോൺ, ശ്രീ. എൽദോസ് കുന്നപ്പിള്ളി, ശ്രീ. ആൻറണി ജോൺ, ശ്രീ. എൽദോ എബ്രഹാം, ബഹു: ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി. ആശ സനൽ, ബഹു: ആലുവ മുൻസിപ്പൽ ചെയർപേഴ്സൺ കുമാരി ലിസി അബ്രഹാം തുടങ്ങിയ പൗരപ്രമുഖരും പങ്കെടുക്കും.

കൂടാതെ ബഹു. എറണാകുളം റൂറൽ ജില്ലാ പോലിസ് മേധാവി. ശ്രീ. എ. വി. ജോർജ്. IPS, ജനമൈത്രി പദ്ധതിയുടെ റൂറൽ ജില്ലാ നോഡൽ ഓഫീസറായ നാർക്കോട്ടിക് സെൽ ഡി. വൈ. എസ്. പി ശ്രീ. സനിൽകുമാർ, ആലുവ ഡി. വൈ. എസ്. പി. ശ്രീ K.G. ബാബുകുമാർ, , ജില്ലാ ക്രൈം ബ്രാഞ്ച് ഡി. വൈ. എസ്. പി ശ്രീ. ജി. വേണു, സ്പെഷൽ ബ്രാഞ്ച് ഡി. വൈ. എസ്. പി. ശ്രീ. സുനിൽകുമാർ തുടങ്ങിയ പോലീസ് ഓഫീസർമാരും സംബന്ധിക്കും